# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് ഇരുപത്തേഴ്

## രാജാവിന്റെ ശുശ്രൂഷയുടെ തുടർച്ച

## (3)

## IV. പാപികളോടുകൂടെ വിരുന്നുകഴിക്കുന്നു

9:9-17-ൽ മത്തായിയുടെ സുവിശേഷത്തിലെ വളരെ മൃദുലവും, മധുരവും, ദൃഢബദ്ധവുമായ ഭാഗത്തിലേക്ക് നാം വരുന്നു. രാജാവ് സ്വർഗരാജ്യത്തിന്റെ ഭരണഘടന വിളംബരം ചെയ്യുകയും, നിരവധി സാഹചര്യങ്ങളിൽ രാജാവെന്ന നിലയിലുള്ള അവന്റെ അധികാരം വെളിപ്പെടുത്തുകയും ചെയ്തതിനുശേഷം 9:9-13-ൽ അവൻ പാപികളുമായി വിരുന്നുകഴിക്കുന്നത് നാം കാണുന്നു.

### A. മത്തായിയെ വിളിക്കുന്നു

9:9-ൽ നമുക്ക് മത്തായിയെ വിളിക്കുന്ന കാര്യമുണ്ട്. ഈ വാക്യം പറയുന്നു, "അവിടെനിന്നു പോകവേ, യേശു, മത്തായി എന്നു വിളിക്കപ്പെടുന്ന ഒരു മനുഷ്യൻ ചുങ്കസ്ഥലത്ത് ഇരിക്കുന്നതുകണ്ട് അവനോട്, എന്നെ അനുഗമിക്കുക എന്നു പറഞ്ഞു. അവനോ എഴുന്നേറ്റു അവനെ അനുഗമിച്ചു." മത്തായിയെ ലേവി എന്നും വിളിച്ചിരുന്നു (മർക്കൊ. 2:14; ലൂക്കൊ. 5:27). അവൻ ദൈവത്തിന്റെ കൃപയാൽ ഒരു അപ്പൊസ്തലനായിത്തീർന്ന ഒരു ചുങ്കക്കാരനായിരുന്നു (മത്താ. 10:2-3; പ്രവൃ. 1:13, 26). അവനായിരുന്നു ഈ സുവിശേഷത്തിന്റെ എഴുത്തുകാരൻ.

മത്തായിയുടെ വിളി പത്രൊസിന്റെയും, അന്ത്രെയാസിന്റെയും, യാക്കോബിന്റെയും, യോഹന്നാന്റെയും വിളിയിൽനിന്നും ഏറെക്കുറെ വ്യത്യസ്തമാണ്. പത്രൊസിനെയും അന്ത്രെയാസിനെയും വിളിച്ചപ്പോൾ അവർ കടലിലേക്ക് വല എറിയുകയായിരുന്നു; യാക്കോബിനെയും യോഹന്നാനെയും വിളിച്ചപ്പോൾ അവർ തങ്ങളുടെ വല നന്നാക്കുകയായിരുന്നു. കർത്താവ് അവരെ വിളിക്കുകയും അവർ തങ്ങളുടെ വേല ഉപേക്ഷിക്കുകയും അവർ കർത്താവായ യേശുവിനെ അനുഗമിക്കുകയും ചെയ്തു. ചുങ്കക്കാർ

ഇരിക്കുന്നിടമായ ചുങ്കപ്പുരയുടെ അടുത്തുകൂടി കർത്താവായ യേശു കടന്നുപോകുമ്പോൾ അവൻ മത്തായിയെ കാണുകയും, അവനെ വിളിക്കുകയും, മത്തായി അവനെ അനുഗമിക്കുകയും ചെയ്തു. 9:9-ലെ രേഖയനുസരിച്ച് കർത്താവ് മത്തായിയെ ആദ്യമായി കണ്ടുമുട്ടിയ സമയം ഇതായിരുന്നുവെന്നു തോന്നുന്നു. അവനെ അനുഗമിക്കുവാൻ മത്തായിയെ പ്രേരിപ്പിച്ച ഏതോ ഒരു ആകർഷണശക്തി, ഒന്നുകിൽ അവന്റെ വാക്കിലോ അല്ലെങ്കിൽ അവന്റെ കാഴ്ചയിലോ ഉണ്ടായിരുന്നിരിക്കണം.

കർത്താവിനെ അനുഗമിക്കുന്നതിൽ അവനിൽ വിശ്വസിക്കുന്നത് ഉൾപ്പെടുന്നു. അവനിൽ വിശ്വസിക്കാതെ ആരും അവനെ അനുഗമിക്കുന്നില്ല. കർത്താവിൽ വിശ്വസിക്കുന്നത് രക്ഷിക്കപ്പെടുന്നതും (പ്രവൃ. 16:31), അവനെ അനുഗമിക്കുന്നത് സ്വർഗരാജ്യത്തിൽ പങ്കുകൊള്ളുവാൻ ഇടുക്കമുള്ള കവാടത്തിൽ പ്രവേശിക്കുന്നതും ഞെരുക്കമുള്ള വഴിയിൽ നടക്കുന്നതുമാണ് (മത്താ. 7:13-14).

## B. രാജാവിനുവേണ്ടി ഒരു വിരുന്ന് ഒരുക്കിയിരിക്കുന്നു

വാക്യം 10 പറയുന്നു, "അവൻ വീട്ടിൽ മേശയിങ്കൽ ഇരിക്കുമ്പോൾ ഇതാ, അനേകം ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും അവന്റെ ശിഷ്യന്മാരോടുംകൂടെ ഒന്നിച്ച് മേശയിങ്കൽ ഇരുന്നു." ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന വീട് മത്തായിയുടെ വീടായിരുന്നു (ലൂക്കൊ. 5:29; മർക്കൊ. 2:15). ഈ സുവിശേഷത്തിന്റെ എഴുത്തുകാരനെന്ന നിലയിൽ മത്തായി ഇത് തന്റെ വീടാണെന്നും താനായിരുന്നു കർത്താവിനുവേണ്ടി ഒരു വലിയ വിരുന്ന് ഒരുക്കിയതെന്നും മനഃപൂർവം പറഞ്ഞില്ല. ഇത് അവന്റെ താഴ്മയായിരുന്നു. എന്നാൽ, ലേവി, അതായത്, മത്തായി "തന്റെ ഭവനത്തിൽ ഒരു വലിയ സ്വീകരണം നൽകി" എന്ന് ലൂക്കൊസ് 5:29 വ്യക്തമായി പറയുന്നു. അങ്ങനെ, മത്തായി തന്റെ വീട് തുറക്കുകയും കർത്താവിനും അവന്റെ ശിഷ്യന്മാർക്കുംവേണ്ടി അവന്റെ വീട്ടിൽ ഒരു വലിയ വിരുന്ന് ഒരുക്കുകയും ചെയ്തു.

## C. നിരവധി ചുങ്കക്കാരും പാപികളും രാജാവിനോടും അവന്റെ ശിഷ്യന്മാരോടുംകൂടെ വിരുന്നിൽ പങ്കെടുക്കുന്നു

"അനേകം ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും അവന്റെ ശിഷ്യന്മാരോടുംകൂടെ ഒന്നിച്ച് മേശയിങ്കൽ ഇരുന്നു" എന്ന് വാക്യം 10 പറയുന്നു. മത്തായി എന്തു തരം വ്യക്തിയായിരുന്നുവെന്ന് ഇത് വെളിപ്പെടുത്തുന്നു. അവൻ അനേകം പാപികൾ സ്നേഹിതന്മാരായുള്ള പാപിയും നിന്ദിക്കപ്പെട്ടവനുമായ ഒരു ചുങ്കക്കാരനായിരുന്നു. അവൻ ഇങ്ങനെയുള്ള ഒരു താണ വ്യക്തിയല്ലായിരുന്നുവെങ്കിൽ, എന്തുകൊണ്ടാണ് മത്തായിയുടെ

വീട്ടിൽ കർത്താവായ യേശുവിനോടുകൂടെ വിരുന്നുകഴിക്കുവാൻ ഉന്നത ശ്രേണിയിലുള്ളവരില്ലാതെ ചുങ്കക്കാരും പാപികളും മാത്രം ഉണ്ടായിരുന്നത്? മത്തായി അങ്ങനെയുള്ള ഒരു താണ വ്യക്തിയായിരുന്നെങ്കിലും അവൻ ഒരു ശിഷ്യനാക്കപ്പെടുക മാത്രമല്ല, പന്ത്രണ്ട് അപ്പൊസ്സലന്മാരിൽ ഒരുവനാക്കപ്പെടുകയും ചെയ്തു.

ഒരു ചുങ്കക്കാരൻ നിന്ദിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു. ഏകദേശം എല്ലാ ചുങ്കക്കാരും അവർ ആവശ്യപ്പെടേണ്ടതിനെക്കാൾ കൂടുതൽ കളവായി ചുമത്തിക്കൊണ്ട് അവരുടെ ഉദ്യോഗസ്ഥാനത്തെ ദുർവിനിയോഗം ചെയ്തിരുന്നു (ലൂക്കൊ. 3:12-13; 19:2, 8). റോമാക്കാർക്ക് ചുങ്കം കൊടുക്കുന്നത് യെഹൂദന്മാർക്ക് വളരെ കയ്പായിരുന്നു. ചുങ്കം ശേഖരിക്കുന്നതിൽ വ്യാപൃതരായിരുന്നവർ ജനത്താൽ നിന്ദിക്കപ്പെട്ടവരും, യാതൊരു ബഹുമാനത്തിനും അയോഗ്യരായി എണ്ണപ്പെടുകയും ചെയ്തിരുന്നു (ലൂക്കൊ. 18:9-10). തന്മൂലം, അവരെ പാപികളുടെ കൂട്ടത്തിൽപ്പെടുത്തിയിരുന്നു (മത്താ. 9:10-11). മത്തായിയെപ്പോലെ ഇങ്ങനെയുള്ള താണ നിലവാരത്തിലുള്ള ഒരു വ്യക്തിക്കുപോലും ദൈവത്തിന്റെ കരുണയിൻകീഴിലും അവന്റെ കൃപയാലും ഒരു അപ്പൊസ്സലനായിത്തീരുവാൻ കഴിഞ്ഞു എന്നതിന് നാം കർത്താവിനെ എത്രമാത്രം ആരാധിക്കണം! രക്ഷിക്കപ്പെട്ടതിനുശേഷം, മത്തായി കർത്താവിനോട് വളരെ കൃതജ്ഞതയുള്ളവനായിരുന്നു; അവൻ തന്റെ വീട് തുറന്നുകൊടുക്കുകയും കർത്താവിനും അവന്റെ ശിഷ്യന്മാർക്കുംവേണ്ടി ഒരു വിരുന്നൊരുക്കുകയും ചെയ്തു. അങ്ങനെ, ഈ വേദഭാഗം ഇങ്ങനെയുള്ള മധുരകരമായ, ദൃഢബദ്ധമായ രീതിയിൽ തുറക്കുന്നു.

## D. ചുങ്കക്കാരോടും പാപികളോടുംകൂടെ ഭക്ഷിക്കുന്നതു നിമിത്തം പരീശന്മാർ രാജാവിനെ കുറ്റംവിധിക്കുന്നു

വാക്യം 11 പറയുന്നു, "പരീശന്മാർ ഇതു കണ്ടിട്ട് അവന്റെ ശിഷ്യന്മാരോട്, നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ എന്തിനു ഭക്ഷിക്കുന്നു? എന്നു ചോദിച്ചു." യെഹൂദന്മാർക്കിടയിലെ ഏറ്റവും കർക്കശമായ അവാന്തര വിഭാഗമായിരുന്ന പരീശന്മാർ അവരുടെ ജീവിതത്തിലെ അതിവിശുദ്ധിയിലും, ദൈവഭക്തിയിലും, തിരുവെഴുത്തുകളുടെ അറിവിലും അഹങ്കരിച്ചിരുന്നു. ചുങ്കക്കാരോടും പാപികളോടുംകൂടെ കർത്താവായ യേശു വിരുന്ന് ആസ്വദിച്ചുകൊണ്ടിരുന്നപ്പോൾ, പരീശന്മാർ അവനെ വിമർശിക്കുകയും, കുറ്റംവിധിക്കുകയും, എന്തുകൊണ്ട് അവരുടെ ഗുരു ഇങ്ങനെയുള്ളവരോടുകൂടെ ഭക്ഷിക്കുന്നു എന്ന് ശിഷ്യന്മാരോട് ചോദിക്കുകയും ചെയ്തു. സ്വയം-നീതീകരിക്കപ്പെട്ട പരീശന്മാർ ദൈവത്തിന്റെ കൃപയെ അറിഞ്ഞിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. നീതിയനുസരിച്ചു മാത്രം ദൈവം മനുഷ്യനോട്

ഇടപെടുന്നുവെന്ന് അവർ അനുമാനിച്ചു. ഇത് ചോദിച്ചതിലൂടെ, അവർ സ്വർഗീയ രാജാവിനെതിരെ ഭിന്നഭിപ്രായമുള്ളവരാണെന്ന് തുറന്നുകാട്ടപ്പെട്ടു, അങ്ങനെ അവർ അവനെ തിരസ്കരിച്ചു. ഇത് വാക്യം 3-ൽ യെഹൂദ മതനേതാക്കന്മാരാൽ ആരംഭിച്ച സ്വർഗീയ രാജാവിന്റെ തിരസ്കരണത്തിന്റെ തുടർച്ചയാണ്.

## E. കർത്താവ് ഒരു വൈദ്യനായും പാപികളെ വിളിക്കുവാൻ വന്നവനായും വെളിപ്പെടുത്തുന്നു

പരീശന്മാരുടെ ചോദ്യത്താൽ കർത്താവിനു് നൽകപ്പെട്ട അവസരം, വൈദ്യനായി തന്നെക്കുറിച്ചുള്ള വളരെ മധുരകരമായ ഒരു വെളിപാട് നൽകുവാൻ അവൻ ഉപയോഗിച്ചു. വാക്യം 12-ൽ പരീശന്മാരുടെ ചോദ്യത്തിനുള്ള മറുപടി നാം കാണുന്നു: "ശക്തരായവർക്ക് വൈദ്യന്റെ ആവശ്യമില്ല, രോഗികൾക്കത്രേ ഉള്ളത്." ഈ ചുങ്കക്കാരും പാപികളും ദീനംപിടിച്ചവരും രോഗികളുമാണെന്നും, അവർക്ക് കർത്താവ് ഒരു വിധികർത്താവല്ല, സൗഖ്യം നൽകുന്ന ഒരു വൈദ്യനാണെന്നും കർത്താവ് പരീശന്മാരോട് പറയുകയായിരുന്നു. രാജ്യത്തിനുവേണ്ടി തന്നെ അനുഗമിക്കുവാൻ ജനത്തെ വിളിക്കുന്നതിൽ സ്വർഗീയ രാജ്യത്തിന്റെ രാജാവ് ഒരു ന്യായാധിപനായിട്ടല്ല, ഒരു വൈദ്യനെന്ന നിലയിൽ ശുശ്രൂഷിച്ചു. ന്യായാധിപന്റെ ന്യായവിധി നീതിക്കൊത്തവണ്ണമാണ്, എന്നാൽ വൈദ്യന്റെ സൗഖ്യമാക്കൽ കരുണയ്ക്കും കൃപയ്ക്കും ഒത്തവണ്ണമാണ്. അവൻ തന്റെ സ്വർഗീയ രാജ്യത്തിന്റെ ജനമാക്കിയവർ കുഷ്ഠരോഗികളും (8:2-4), പക്ഷവാതക്കാരും (8:5-13; 9:2-8), പനിപിടിച്ചവരും (8:14-15), ഭൂതബാധിതരും (8:16, 28-32), എല്ലാവിധ ദീനക്കാരും (8:16), നിന്ദിക്കപ്പെട്ട ചുങ്കക്കാരും, പാപികളും ആയിരുന്നു (9:9-11). ഈ പരിതാപാർഹരായ ജനത്തെ ഒരു ന്യായാധിപനായി സന്ദർശിച്ചിരുന്നുവെങ്കിൽ, എല്ലാവരും ശിക്ഷവിധിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യുമായിരുന്നു; ആരും തന്റെ സ്വർഗീയ രാജ്യത്തിന്റെ ജനമായിരിക്കുവാൻ യോഗ്യത നേടുകയും, തിരഞ്ഞെടുക്കപ്പെടുകയും, വിളിക്കപ്പെടുകയും ചെയ്യുമായിരുന്നില്ല. പകരം, ഈ ദുഷിച്ച ഭൂമിയിൽ അവരെക്കൊണ്ട് തന്റെ സ്വർഗീയ രാജ്യം സ്ഥാപിക്കുവാൻ, അവർ തന്റെ പുതിയതും സ്വർഗീയവുമായ പൗരന്മാരായിരിക്കുവാൻ പുനഃസംരചിക്കപ്പെടത്തക്കവണ്ണം അവരെ സൗഖ്യമാക്കുവാനും, പ്രത്യുദ്ധരിക്കുവാനും, ജീവിപ്പിക്കുവാനും, രക്ഷിക്കുവാനും ഒരു വൈദ്യനായി ശുശ്രൂഷിക്കുവാൻ അവൻ വന്നു. സ്വയം-നീതീകരിക്കുന്ന പരീശന്മാർക്ക് അവനെ ഒരു വൈദ്യനായി ആവശ്യമുണ്ടെന്ന് തിരിച്ചറിഞ്ഞില്ല എന്ന് ഇവിടെയുള്ള കർത്താവിന്റെ വാക്ക് സൂചിപ്പിക്കുന്നു. അവർ തങ്ങളെത്തന്നെ ശക്തന്മാരായി കണക്കാക്കി; തന്മൂലം, അവരുടെതന്നെ സ്വയ-നീതിയാൽ

അന്ധരാക്കപ്പെട്ടിരുന്നതിനാൽ തങ്ങൾ രോഗികളാണെന്ന് അവർ അറിഞ്ഞില്ല.

സ്വയം-നീതീകരിച്ച പരീശന്മാർ കർത്താവിനെ വിമർശിക്കുകയും ഈ അശുദ്ധരായ സകല ആളുകളെയും കുറ്റംവിധിക്കുകയും ചെയ്തു. കർത്താവ് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "ഈ ജനം അശുദ്ധരല്ല; അവർ രോഗികളാണ്. ഞാൻ വന്നത് അവരെ ന്യായംവിധിക്കുന്ന ഒരു ന്യായാധിപനായല്ല, മറിച്ച് അവരുടെ പ്രിയനും, സ്നേഹവാനും, ദൃഢബന്ധനുമായ സൗഖ്യം നൽകുന്ന ഒരു വൈദ്യനായാണ്." കർത്താവായ യേശു ഈ വാക്കുകൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, തങ്ങൾ നീതിമാന്മാരായിരുന്നുവെന്ന് ചിന്തിച്ച പരീശന്മാർ വാസ്തവത്തിൽ മറ്റുള്ളവരെപ്പോലെ രോഗികളാണെന്ന് അവൻ തീർച്ചയായും സൂചിപ്പിക്കുകയായിരുന്നു.

വാക്യം 13-ൽ കർത്താവായ യേശു പരീശന്മാർക്ക് പിന്നെയും ഒരു വാക്കുകൂടി നൽകി: "എന്നാൽ ഞാൻ യാഗമല്ല കരുണയത്രേ ആഗ്രഹിക്കുന്നു എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല പാപികളെയത്രേ വിളിക്കുവാൻ വന്നത്." ദൈവത്തെ സംബന്ധിച്ച സകലവും തങ്ങൾക്കറിയാമെന്ന് സ്വയം-നീതിമാന്മാരായ പരീശന്മാർ അനുമാനിച്ചു. അവരെ താഴ്മയുള്ളവരാക്കുവാനായി കൂടുതൽ പഠിക്കുവാൻ കർത്താവ് അവരോടു പറഞ്ഞു.

കരുണയെന്നത് മനുഷ്യൻ ദൈവത്തിൽനിന്നും പ്രാപിക്കുന്ന കൃപയുടെ ഒരു ഭാഗമാണ്. എന്നാൽ സ്വയം നീതീകരിക്കുന്ന മനുഷ്യർ ദൈവത്തിൽനിന്നും കരുണയോ കൃപയോ സ്വീകരിക്കുവാൻ ഇഷ്ടപ്പെടുന്നില്ല; അവർ ദൈവത്തിന് യാഗങ്ങൾ അർപ്പിക്കുവാൻ, ദൈവത്തിന് എന്തെങ്കിലും കൊടുക്കുവാൻ, കൂടുതൽ താല്പര്യപ്പെടുന്നു. ഇത് അവന്റെ വ്യവസ്ഥയിലുള്ള ദൈവത്തിന്റെ മാർഗത്തിന് വിരുദ്ധമാണ്. പരിതാപാർഹരായ പാപികളോട് കരുണ കാണിക്കുവാൻ ദൈവം ആഗ്രഹിക്കുന്നതുപോലെതന്നെ, നാമും സ്നേഹത്തിൽ മറ്റുള്ളവരോട് കരുണ കാണിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു (മീഖാ. 6:6-8; മർക്കൊ. 12:33).

നീതിമാന്മാരെയല്ല, പാപികളെ വിളിക്കുവാൻ കർത്താവു വന്നുവെന്ന് ഇവിടെ കർത്താവു പറയുന്നു. വാസ്തവത്തിൽ നീതിമാൻ ആരുമില്ല, ഒരുത്തൻപോലും ഇല്ല (റോമ. 3:10). എല്ലാ നീതിമാന്മാരും പരീശന്മാരെപ്പോലെ സ്വയം-നീതീകരിക്കുന്നവരാണ് (ലൂക്കൊ. 18:9). അവരെ വിളിക്കുവാനല്ല, പാപികളെ വിളിക്കുവാനാണ് രാജകീയ രക്ഷകൻ വന്നത്. തിരുവെഴുത്തുകളെക്കുറിച്ചുള്ള പരീശന്മാരുടെ അറിവിൽ അവർ അഹങ്കരിക്കുകയും, വേദപുസ്തകം നന്നായി അറിയാമെന്ന് അവർ ചിന്തിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇവിടെ കർത്താവ് അവരോടു പറഞ്ഞത്, പോയി ചിലത് പഠിക്കുവാൻ, "ഞാൻ യാഗമല്ല, കരുണയത്രേ

ആഗ്രഹിക്കുന്നു" എന്ന വാക്കിന്റെ അർഥം പഠിക്കുവാൻ ആണ്. കർത്താവ് പരീശന്മാരോട് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു: "പരീശന്മാരായ നിങ്ങൾ സ്വയം-നീതീകരിക്കുന്നവരും, കരുണ കൂടാതെ ഈ ജനത്തെ കുറ്റം വിധിക്കുന്നവരുമാണ്. എന്നാൽ ദൈവം ആഗ്രഹിക്കുന്നത് കരുണയാണ്. ഈ ജനത്തിന് ഒരു വൈദ്യനായിരുന്നുകൊണ്ട് പരിതാപാർഹരായ ഇവരുടെമേൽ ദൈവത്തിന്റെ കരുണയെ ഞാൻ പ്രയോഗിക്കാനുള്ള സമയമാണ് ഇത്. ഇവിടെ ഞാൻ ഒരു ന്യായാധിപനല്ല. ഇവിടെ ഞാൻ, അവരുടെ പ്രശ്നങ്ങൾക്കുവേണ്ടി കരുതുന്ന സ്നേഹമുള്ള ഒരു വൈദ്യനാണ്, ഇപ്പോൾ ഞാൻ അവരെ സൗഖ്യമാക്കിക്കൊണ്ടിരിക്കുന്നു."

നിങ്ങൾ നീതിമാനാണോ? "ഇല്ല, ഞാൻ നീതിമാനല്ല" എന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ, നിങ്ങൾ അനുഗൃഹീതരാണ്. തങ്ങൾ നീതിമാന്മാരാണെന്നു ചിന്തിക്കാതെ, പാപികളാണെന്ന് തിരിച്ചറിയുന്നവർ അനുഗൃഹീതരാണ്. കർത്താവ് നീതിമാന്മാരെ വിളിക്കുവാൻ വന്നില്ല എന്നതാണ് ഇതിനുള്ള കാരണം. അവൻ പാപികളെ വിളിക്കുവാൻ വന്നു. "നിങ്ങൾ നിങ്ങളെത്തന്നെ നീതിമാന്മാരാണെന്ന് പരിഗണിക്കുന്നുവെങ്കിൽ, എന്റെ വരവിന് നിങ്ങൾ യോഗ്യരല്ല, കാരണം എന്റെ വരവ് പാപികൾക്കുവേണ്ടിയാണ്. നീതിമാന്മാരായി നിങ്ങളെത്തന്നെ കണക്കാക്കാതിരിക്കുക. മറിച്ച്, നിങ്ങൾ എത്രമാത്രം പാപമുള്ളവരാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഒരു പാപിയായി നിങ്ങളെത്തന്നെ നിങ്ങൾ കണക്കാക്കുന്നുവെങ്കിൽ, നിങ്ങൾ എന്റെ വരവിനുവേണ്ടി ഒരുക്കമുള്ളവരാണ്" എന്ന് സ്വയം-നീതീകരിക്കുന്നവരോട് കർത്താവിന് പറയാൻ കഴിഞ്ഞു.

ഈ വാക്യങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന പരിതസ്ഥിതിയെക്കൂടാതെ, തന്നെ വൈദ്യനായി വെളിപ്പെടുത്തുവാൻ കർത്താവായ യേശുവിന് അവസരം ഉണ്ടാകുമായിരുന്നില്ല. "ഞാൻ ഒരു ന്യായാധിപനായിട്ടല്ല, ഒരു വൈദ്യനായിട്ടത്രേ വന്നത് എന്ന് നിങ്ങൾ അറിയണം" എന്നു കർത്താവ് തന്റെ ശിഷ്യന്മാരോട് വെറുതെ പറയുകയായിരുന്നില്ല. എങ്കിൽ അത് വെറുമൊരു ഉപദേശമാകുമായിരുന്നു. ആ സകല രോഗികളോടുംകൂടെ കർത്താവ് വിരുന്നു കഴിച്ചുകൊണ്ടിരിക്കുമ്പോൾ അവനെ വൈദ്യനായി അവൻ വെളിപ്പെടുത്തി. ആ ചുങ്കക്കാരും പാപികളും ശാരീരികമായി രോഗികളായിരുന്നില്ല; അവർ ആത്മികമായി രോഗികളായിരുന്നു. അവരോടുകൂടെ കർത്താവ് വിരുന്നു കഴിച്ചുകൊണ്ടിരിക്കുമ്പോൾ, അവൻ അവരെ സൗഖ്യമാക്കുകയായിരുന്നു. "പരീശന്മാരേ, നിങ്ങൾ വിധിക്കുന്നവരാണ്, എന്നാൽ ഞാൻ വൈദ്യനാണ്. ഒരു വൈദ്യനെന്ന നിലയിൽ എനിക്ക് രോഗികളെ സൗഖ്യമാക്കുവാൻ മാത്രമേ കഴിയുകയുള്ളൂ. നിങ്ങൾക്ക് അസുഖമില്ലെന്ന് നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ, എനിക്ക് നിങ്ങളോട് ഒരു കാര്യവുമില്ല,

എനിക്ക് നിങ്ങളെ സൗഖ്യമാക്കുവാനും കഴിയില്ല. ഞാൻ പൂർണരായ നീതിമാന്മാരെയല്ല, രോഗികളായ പാപികളെയത്രേ വിളിക്കുവാൻ വന്നത്. നിങ്ങൾ ഏതു വശത്തു നിൽക്കുന്നു— നീതിമാന്മാരുടെ വശത്തോ, അതോ പാപികളുടെ വശത്തോ? നിങ്ങൾ പാപികളുടെ വശം എടുക്കുന്നുവെങ്കിൽ, നിങ്ങളുടെ വൈദ്യനായിരിക്കുവാൻ ഞാൻ ഇവിടെ ഉണ്ട്" എന്ന് കർത്താവ് പരീന്മാരോട് പറയുകയായിരുന്നു.

ക്രിസ്തുവിന്റെ മുപ്പത്തിമൂന്നിലധികം വശങ്ങളെ മത്തായി വെളിപ്പെടുത്തുന്നു; അതിൽ ഒന്ന് വൈദ്യനായ ക്രിസ്തു ആണ്. അവൻ നമ്മുടെ രാജാവും, നമ്മുടെ രക്ഷകനും, നമ്മുടെ ജീവനും മാത്രമല്ല; അവൻ നമ്മുടെ വൈദ്യനുമാണ്. നമുക്ക് ഈ ദർശനമുണ്ടെങ്കിൽ, നമുക്ക് അവനിൽ വിശ്വാസമുണ്ടായിരിക്കുകയും, ശാരീരികമായോ, ആത്മികമായോ, മാനസികമായോ നമുക്ക് അസുഖമുള്ളപ്പോഴെല്ലാം നാം അവനിൽ ആശ്രയിക്കുകയും ചെയ്യും. നമ്മുടെ വൈദ്യനായി നാം അവനെ ആശ്രയിക്കണം.

മത്തായിയുടെ സുവിശേഷം രാജ്യത്തിന്റെ സുവിശേഷമാണ്, എങ്കിലും അത് സ്വർഗീയ രാജാവിന്റെ സമ്പന്നതയാൽ നിറഞ്ഞ ഒരു പുസ്തകവുമാണ്. ഈ സ്വർഗീയ രാജാവ് സൗഖ്യമാക്കുന്ന അധികാരത്തോടുകൂടെയുള്ള നമ്മുടെ വൈദ്യനാണ്. അവന്റെ സൗഖ്യമാക്കൽ കേവലം ശക്തിയുടെ ഒരു കാര്യമല്ല; അത് അധികാരത്തിന്റെ ഒരു കാര്യമാണ്. നമ്മെ സൗഖ്യമാക്കുന്നതിന് നമ്മെ അവൻ നേരിട്ട് സ്പർശിക്കേണ്ട ആവശ്യമില്ല. അവൻ ഒരു വാക്ക് സംസാരിക്കേണ്ട ആവശ്യമേയുള്ളൂ; അപ്പോൾ അവന്റെ അധികാരം അവന്റെ വാക്കോടുകൂടെ വരും. ശതാധിപന്റെ ദാസന്റെ സൗഖ്യത്തിന്റെ സംഭവം ഓർക്കുക. ശതാധിപൻ കർത്താവിനോടു പറഞ്ഞു: "നീ ഒരു വാക്കു മാത്രം സംസാരിക്കേണം, എന്റെ ബാല്യക്കാരൻ സൗഖ്യമാകും" (8:8). കൂടാതെ, ഇങ്ങനെയും ശതാധിപന് പറയാൻ കഴിഞ്ഞു, "ഞാനും അധികാരത്തിനു കീഴിലുള്ള മനുഷ്യനാകുന്നു, എന്റെ കീഴിൽ അനേകരുണ്ട്. ഞാൻ ഒരു വാക്ക് സംസാരിക്കുന്നു, അവർ അത് അനുസരിക്കുന്നു, കാരണം എന്റെ വാക്കിൽ അധികാരമുണ്ട്. കർത്താവേ, നീ എന്റെ വീട്ടിൽ വരേണ്ട ആവശ്യമില്ല. ഒരു വാക്കു മാത്രം പറയുക, നിന്റെ അധികാരം നിന്റെ വാക്കോടുകൂടെ പോരും." കർത്താവിന്റെ വാക്ക് ശക്തിയാലല്ല നമ്മെ സൗഖ്യമാക്കുന്നത്, അധികാരത്താലാണ്. സൗഖ്യമാക്കുവാൻ കർത്താവ് പ്രാപ്തനായതുകൊണ്ട് അവൻ സൗഖ്യമാക്കുന്നു എന്ന് മിക്കപ്പോഴും ക്രിസ്ത്യാനികൾ ചിന്തിക്കുന്നു. ഇത് ഒരു സ്വാഭാവിക ധാരണയാണ്. കർത്താവിന്റെ സൗഖ്യമാക്കൽ സൗഖ്യമാക്കാനുള്ള അവന്റെ പ്രാപ്തിയുടെ വിഷയമല്ല; അവന്റെ സൗഖ്യമാക്കൽ അധികാരത്തിന്റെ ഒരു വിഷയമാണ്. "രോഗമേ, നീങ്ങിപോകുക"

എന്ന് അവൻ പറയേണ്ട ആവശ്യമമേയുള്ളൂ. ഇതാണ് അധികാരം. ഇതേ അധികാരത്തോടുകൂടെ, മാനസികരോഗങ്ങളോടും ഓടിപ്പോകേണ്ടതിന് കല്പിക്കുവാൻ അവൻ പൂർണമായും പ്രാപ്തനാണ്. അങ്ങനെ, അവൻ അധികാരത്തോടുകൂടെ നമ്മെ സൗഖ്യമാക്കുന്നു.

പരീശന്മാർ മതപരവും, സ്വയം-നീതീകരിക്കുന്നവരും ആയിരുന്നതുകൊണ്ട് കർത്താവ് അവരോട് ഇടപെട്ടു. ചുങ്കക്കാരും പാപികളും തിരസ്കരിക്കപ്പെട്ടിരുന്നുവെന്ന് പരീശന്മാർ ചിന്തിച്ചു. ഇത് അവരുടെ മതപരമായ ധാരണയായിരുന്നു. തങ്ങളുടെ മതപരമായ ധാരണയെക്കുറിച്ചുള്ള പരീശന്മാരുടെ സംസാരം വൈദ്യനായി അവനെത്തന്നെ വെളിപ്പെടുത്തുവാനുള്ള അവസരമായി കർത്താവ് മുതലെടുത്തു. അവൻ ഇങ്ങനെ പറയുന്നതായി തോന്നുന്നു, "പരീശന്മാരേ, മതപരമായ ജനമേ, നിങ്ങൾക്കു തെറ്റുപറ്റി. ഞാൻ ഇവിടെ ആയിരിക്കുന്നത് ജനത്തെ കുറ്റംവിധിക്കുന്ന ഒരു ന്യായാധിപനായിട്ടല്ല. ഞാൻ ഇവിടെ ആയിരിക്കുന്നത് അവരെ സൗഖ്യമാക്കുന്ന ഒരു വൈദ്യനായിട്ടാണ്. സൗഖ്യമാകുവാൻ നിങ്ങൾക്ക് മനസ്സുണ്ടെങ്കിൽ നിങ്ങളെയും ഞാൻ സൗഖ്യമാക്കും." ഈ വേദഭാഗം എത്ര മധുരകരവും ദൃഢബദ്ധവുമാണ്!

## V. മണവാളനെക്കൂടാതെ ഉപവസിക്കുന്നു

### A. യോഹന്നാന്റെയും പരീശന്മാരുടെയും ശിഷ്യന്മാർ

ഉപദേശത്തിന്റെ ഒരു പുസ്തകമെന്ന നിലയിൽ മത്തായി 9:14-17-ൽ മറ്റൊരു സംഭവം, മണവാളനെക്കൂടാതെ ഉപവസിക്കുന്ന സംഭവം, അവതരിപ്പിക്കുന്നു. വാക്യം 14 പറയുന്നു, "അപ്പോൾ യോഹന്നാന്റെ ശിഷ്യന്മാർ, എന്തുകൊണ്ട് ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു, എന്നാൽ നിന്റെ ശിഷ്യന്മാർ ഉപവസിക്കുന്നില്ല? എന്നു ചോദിച്ചുകൊണ്ട് അവന്റെ അടുക്കൽ വന്നു." 10 മുതൽ 13 വരെയുള്ള വാക്യങ്ങൾ പഴയ മതത്തിലായിരുന്ന പരീശന്മാരുടെ ചോദ്യത്തോടുള്ള കർത്താവിന്റെ ഇടപെടലിനെ രേഖപ്പെടുത്തുന്നു. ഇപ്പോൾ 14 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ പുതിയ മതത്തിലായിരുന്ന യോഹന്നാന്റെ ശിഷ്യന്മാരുടെ പ്രശ്നത്തോട് കർത്താവ് ഇടപെടുന്നു. യോഹന്നാൻ സ്ഥാപകൻ പഴയ മതത്തെ ഉപേക്ഷിക്കുകയും, മതത്തിനു വെളിയിൽ മരുഭൂമിയിൽ തന്റെ ശുശ്രൂഷ ആരംഭിക്കുകയും ചെയ്തിരുന്നു. എങ്കിലും, ചുരുങ്ങിയ ഒരു സമയത്തിനുശേഷം, പഴയ മതത്തിലുള്ള പരീശന്മാർ ചെയ്യുതുപോലെ, ക്രിസ്തുവിനെ ആസ്വദിക്കുന്നതിൽനിന്നും മനുഷ്യരെ തടസ്സപ്പെടുത്തുന്നതിന് യോഹന്നാന്റെ ശിഷ്യന്മാർ ഒരു പുതിയ മതം രൂപീകരിച്ചു. ക്രിസ്തു

അവരുടെ വീണ്ടെടുപ്പുകാരനും, അവരുടെ ജീവനും അവരുടെ സർവവും ആയിരിക്കേണ്ടതിന് ക്രിസ്തുവിനെ പരിചയപ്പെടുത്തുക എന്നതായിരുന്നു യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷ. എന്നാൽ അവന്റെ ചില ശിഷ്യന്മാർ ക്രിസ്തു എന്ന അവന്റെ ലക്ഷ്യത്തിൽനിന്നും യോഹന്നാന്റെ ചില അനുഷ്ഠാനങ്ങളിലേക്ക് മാറിപ്പോകുകയും ആ അനുഷ്ഠാനങ്ങളെ ഒരു മതമാക്കുകയും ചെയ്തു. മതഭക്തരായിരിക്കുകയെന്നാൽ ക്രിസ്തുവിനെക്കൂടാതെ ദൈവത്തിനുവേണ്ടി ചിലതു ചെയ്യുക എന്നാണ് അർഥമാക്കുന്നത്. തിരുവെഴുത്തിൻപ്രകാരവും മൗലികവും ആണെങ്കിൽപോലും, ക്രിസ്തുവിന്റെ സാന്നിധ്യമില്ലാതെ എന്തെങ്കിലും ചെയ്യുന്നത് മതപരമാണ്. പുതിയ മതത്തിൽപ്പെട്ട യോഹന്നാന്റെ ശിഷ്യന്മാരും, പഴയ മതത്തിൽപ്പെട്ട പരീശന്മാരും വളരെ ഉപവസിച്ചു, എങ്കിലും അത് ക്രിസ്തുവിനെക്കൂടാതെയായിരുന്നു. മണവാളനായി അവർക്ക് ക്രിസ്തു സ്വന്തമായിരുന്നില്ല, എന്നാൽ ഉപവാസത്തെ അവർ മതത്തിന്റെ ഒരു വിഷയമാക്കിത്തീർത്തു. അതിനിടയ്ക്ക്, ഉപവസിക്കാത്തവരെങ്കിലും തങ്ങളോടൊപ്പം ക്രിസ്തു ഉണ്ടായിരിക്കുകയും അവന്റെ സാന്നിധ്യത്തിൽ ജീവിക്കുകയും ചെയ്ത ക്രിസ്തുവിന്റെ ശിഷ്യന്മാരെ അവർ കുറ്റംവിധിച്ചു.

യോഹന്നാൻ സ്നാപകൻ ഒരു പുരോഹിതനായി ജനിച്ചവനായിരുന്നു, എന്നാൽ പിന്നീട് മതപരമായ സകലവും അവൻ പൂർണ്ണമായി ഉപേക്ഷിച്ചു. എന്നിരുന്നാലും, അവനെ തടവറയിലേക്ക് ഇട്ടതിനുശേഷം മൂന്നു വർഷത്തിനുള്ളിൽ അവന്റെ ശിഷ്യന്മാർ ഒരു പുതിയ മതം രൂപീകരിച്ചു. ഒരു മതം ഉണ്ടായിരിക്കുകയെന്നാൽ ക്രിസ്തുവിനെക്കൂടാതെ ദൈവത്തെ ആരാധിക്കുന്നതും ദൈവത്തെ സേവിക്കുന്നതും, ദൈവത്തെ പ്രസാദിപ്പിക്കുവാൻ ചില കാര്യങ്ങൾ ചെയ്യുന്നതുമാണ്. ആത്മാവിനെക്കൂടാതെ, ക്രിസ്തുവിനെക്കൂടാതെ, ദൈവത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നതാണ് മതം. പരീശന്മാർ ദൈവത്തിനുവേണ്ടി അനേകം കാര്യങ്ങൾ ചെയ്തു, എന്നാൽ ക്രിസ്തു അവയിൽ ഉണ്ടായിരുന്നില്ല. ദൈവത്തെ സേവിക്കുവാൻ അവർ നിരവധി കാര്യങ്ങൾ ചെയ്തു, എന്നാൽ ആത്മാവിനെക്കൂടാതെ അവർ അവ ചെയ്തു. ഇപ്പോൾ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാർ ക്രിസ്തുവിനെക്കൂടാതെ, ആത്മാവിനെക്കൂടാതെ ഉപവസിക്കുകയായിരുന്നു. എന്നിരുന്നാലും, ഈ ഉപവാസം ദൈവത്തിനു വേണ്ടിയായിരുന്നു. തന്മൂലം, അവർ മറ്റൊരു മതം രൂപീകരിച്ചു. അതുകൊണ്ട്, വാക്യം 14-ൽ നമുക്ക് പരീശന്മാരുടെ മതമായ പഴയ മതവും, യോഹന്നാന്റെ ശിഷ്യന്മാരുടെ മതമായ പുതിയ മതവും ഉണ്ട്.

ഒരു മതം ഉണ്ടായിരിക്കുന്നത് എത്ര എളുപ്പമാണ്! കേവലം ഒരു പഴയ വഴി വിട്ടുകളയുകയും മറ്റൊരു വഴി എടുക്കുകയും ചെയ്യുന്നതിലൂടെ നിങ്ങൾക്ക് മതത്തിൽനിന്നും

സ്വതന്ത്രരായിരിക്കുവാൻ കഴിയുമെന്ന് ചിന്തിക്കരുത്. വഴി പഴയതോ പുതിയതോ ആയാലും, അതിൽ ക്രിസ്തുവും ആത്മാവും ഇല്ലാതിരിക്കുന്നിടത്തോളം അതു മതമാണ്. നിങ്ങളുടെ പുതിയ വഴി നിങ്ങളുടെ പുതിയ മതമായിരിക്കാം. എന്താണ് മതമെന്ന് ഓർത്തിരിക്കുക: അത് ക്രിസ്തുവിനെയും ആത്മാവിനെയുംകൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കാര്യങ്ങൾ ചെയ്യുന്നതാണ്.

ക്രിസ്തു അവനെത്തന്നെ പരീശന്മാരാൽ കുറ്റംവിധിക്കപ്പെട്ടിരുന്ന ചുങ്കക്കാരുടെയും പാപികളുടെയും ഒരു കൂട്ടുകാരനാക്കി എന്ന വസ്തുതയാൽ പഴയ മതത്തിൽപ്പെട്ട സ്വയം-നീതീകരിക്കുന്ന പരീശന്മാർ അസ്വസ്ഥരായി (വാ. 11). അവൻ പാപികളോടുകൂടെ വിരുന്നുകഴിച്ചതുനിമിത്തം അവർ അവനെ കുറ്റംവിധിച്ചു. പുതിയ മതത്തിൽപ്പെട്ട യോഹന്നാന്റെ ഉപവസിക്കുന്ന ശിഷ്യന്മാർ, ക്രിസ്തുവും തന്റെ ശിഷ്യന്മാരും വിരുന്നു കഴിച്ചതിനാൽ വിഷമത്തിലാകുകയും (വാ. 10) അവർ ഉപവസിക്കാത്തതു നിമിത്തം കുറ്റംവിധിക്കുകയും ചെയ്തു. സാഹചര്യം ഇന്നും സമാനമാണ്. ഓരോ വശത്തും മതഭക്തർ നമ്മെ കുറ്റംവിധിക്കുന്നു. അപ്പോൾ നാം എന്തു ചെയ്യണം? നാം വൈദ്യനോടുകൂടെ നിൽക്കണം.

## B. മണവാളനോടുകൂടെ ഉപവസിക്കുന്നില്ല

പുതിയ മതത്തിന്റെ സംഭവത്തിൽ കർത്താവ് വൈദ്യൻ മാത്രമല്ല, മണവാളനും ആണ്. വാക്യം 15-ൽ കർത്താവായ യേശു അവരോടു പറഞ്ഞു, "മണവാളൻ തങ്ങളുടെ കൂടെ ഉള്ളിടത്തോളം മണിയറയുടെ പുത്രന്മാർക്ക് വിലപിക്കുവാൻ കഴിയില്ലല്ലോ? എന്നാൽ മണവാളൻ തങ്ങളിൽനിന്ന് എടുക്കപ്പെടുന്ന നാളുകൾ വരും, അപ്പോൾ അവർ ഉപവസിക്കും." വൈദ്യനും മണവാളനും, ഇരുവരും ഹൃദ്യരാണ്. കർത്താവിന്റെ ജ്ഞാനത്തെ ഞാൻ വിലമതിക്കുന്നു. പരീശന്മാരെ സംബന്ധിച്ച സംഭവത്തിൽ അവൻ അവനെത്തന്നെ ഒരു വൈദ്യനോട് സദൃശനാക്കി. ഇപ്പോൾ യോഹന്നാന്റെ ശിഷ്യന്മാരോടുള്ള സംഭവത്തിൽ അവൻ അവനെത്തന്നെ ഒരു വിവാഹത്തിലെ മണവാളനോട് സദൃശനാക്കി. മണവാളൻ തങ്ങളുടെ കൂടെ ഉള്ളിടത്തോളം മണിയറയുടെ പുത്രന്മാർക്ക് വിലപിക്കുവാൻ കഴിയുമോ എന്ന് കർത്താവു ചോദിച്ചു. മണവാളനോടുകൂടെ ഇരിക്കുന്നത് സന്തോഷപ്രദമായ ഒരു സമയമാണ്. എന്നാൽ മണവാളൻ എടുക്കപ്പെടുമ്പോൾ അവർക്ക് ഉപവസിക്കാം.

"മണിയറയുടെ പുത്രന്മാർ" എന്ന പ്രയോഗം കർത്താവിന്റെ ശിഷ്യന്മാരെ പരാമർശിക്കുന്നു. കർത്താവിന്റെ ഭൂമിയിലെ ശുശ്രൂഷയുടെ അവസ്ഥാന്തര കാലഘട്ടത്തിൽ അവന്റെ ശിഷ്യന്മാർ മണിയറയുടെ പുത്രന്മാരായിരുന്നു. പിന്നീട് അവർ മണവാട്ടിയായിത്തീരും (യോഹ. 3:29; വെളി. 19:7). ശിഷ്യന്മാരിൽനിന്നും രാജകീയ രക്ഷകൻ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടപ്പോൾ മണവാളൻ

മണിയറിയുടെ പുത്രന്മാരിൽനിന്നും എടുക്കപ്പെട്ടു (പ്രവൃ. 1:11). അതിനുശേഷം അവർ ഉപവസിച്ചു (പ്രവൃ. 13:2-3; 14:23).

പഴയ മതത്തിൽപ്പെട്ട സ്വയം-നീതീകരിക്കുന്നവരും ഭിന്നാഭിപ്രായക്കാരുമായ പരീശന്മാരോട് ഇടപെടുന്നതിൽ, രാജകീയ രക്ഷകൻ സൂചിപ്പിച്ചത് അവൻ രോഗികളെ സൗഖ്യമാക്കുന്ന ഒരു വൈദ്യനായിരുന്നു എന്നാണ് (വാ. 12). പുതിയ മതം രൂപീകരിച്ച യോഹന്നന്റെ ഉപവസിക്കുന്നവരും ഭിന്നാഭിപ്രായക്കാരുമായ ശിഷ്യന്മാരോട് ഇടപെടുന്നതിൽ അവൻ അവനെത്തന്നെ മണവാട്ടിയെ എടുക്കുന്ന ഒരു മണവാളനായി വെളിപ്പെടുത്തി. ക്രിസ്തു മണവാട്ടിയെ എടുക്കുവാൻ വന്ന മണവാളനാണെന്ന് യോഹന്നാൻ സ്നാപകൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു (യോഹ. 3:25-29). ഇപ്പോൾ രാജരക്ഷകനായ ക്രിസ്തു ഇതിനെക്കുറിച്ച് അവരിൽ ചിലരെ ഓർമ്മപ്പെടുത്തി. രാജകീയ രക്ഷകൻ ഒന്നാമത് തന്റെ അനുയായികളെ സൗഖ്യമാക്കി, പിന്നീട് അവരെ മണിയറയുടെ പുത്രന്മാരാക്കി. ഒടുവിൽ അവൻ അവരെ തന്റെ മണവാട്ടിയാക്കും. തങ്ങളുടെ ജീവൻ പ്രത്യുദ്ധരിക്കുവാൻവേണ്ടിയുള്ള അവരുടെ വൈദ്യനായി മാത്രമല്ല, അവന്റെ സാന്നിധ്യത്തിൽ ഒരു ആസ്വാദനജീവിതത്തിനു വേണ്ടിയുള്ള അവരുടെ മണവാളനായും അവർ അവനെ കൈവശമാക്കണം. അവർ അവനെക്കൂടാതെയുള്ള ദുഃഖപൂർണ്ണമായ ഒരു ശവസംസ്കാരച്ചടങ്ങിലല്ല, അവനോടുകൂടെ ആനന്ദപ്രദമായ ഒരു വിവാഹത്തിൽ ആയിരുന്നു. പിന്നെങ്ങനെ അവർക്ക് അവന്റെ മുമ്പാകെ വിരുന്നുകഴിക്കാതെ ഉപവസിക്കുവാൻ കഴിയുമായിരുന്നു? ഈ ഭിന്നാഭിപ്രായകരമായ ചോദ്യം സൂചിപ്പിക്കുന്നത് യോഹന്നാന്റെ ശിഷ്യന്മാരിൽ ചിലർ ഒരു പുതിയ മതത്തിലേക്ക് വീണുപോയെന്നും രാജരക്ഷകനെ തരസ്കരിച്ചെന്നും ആണ്.

യോഹന്നാന്റെ ശിഷ്യന്മാരുടെ ചോദ്യം ഉപദേശപരമായ ഒന്നാണെന്ന് തോന്നുന്നു. എന്നാൽ കർത്താവ് ഉത്തരം നൽകിയത് ഒരു ഉപദേശത്തോടുകൂടെയല്ല, ഒരു വ്യക്തിയോടുകൂടെ, മണവാളൻ എന്ന ഏറ്റവും ഹൃദ്യനായ വ്യക്തിയോടുകൂടെ ആയിരുന്നു. മതപരമായ ആളുകൾ എല്ലായ്പ്പോഴും തങ്ങളുടെ ഉപദേശപരമായ യുക്തിവാദങ്ങളോടുകൂടെ അവരുടെ ഉപദേശത്തിനുവേണ്ടി കരുതുന്നു. എന്നാൽ ക്രിസ്തു തനിക്കുവേണ്ടി മാത്രം കരുതുന്നു. അവന്റെ അനുയായികളുടെ ജീവിതവും നടപ്പും ഏതെങ്കിലും ഉപദേശത്താലല്ല, അവനെന്ന വ്യക്തിയാലും അവന്റെ സാന്നിധ്യത്താലും നിയന്ത്രിക്കപ്പെട്ടതും നടത്തപ്പെട്ടതും ആയിരിക്കണം.

ഒരു വിവാഹത്തിൽ ഒരുവൻ ഉപവസിക്കുന്നത് പരിഹാസ്യമാണ്. കൂടാതെ, മറ്റുള്ളവർ വിവാഹവിരുന്ന് ആസ്വദിക്കുമ്പോൾ ഉപവസിക്കുന്നത് മണവാളന് ഒരു അപമാനമായിരിക്കും. ഇവിടെ നാം കർത്താവിന്റെ ജ്ഞാനത്തെ കാണുന്നു. അവൻ അവരോട് തർക്കിച്ചില്ല, എന്നാൽ അവൻ നിശ്ചയമായും മതപരമായ

ആളുകളെ കുറ്റംവിധിച്ചു. കർത്താവ് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "മതഭക്തന്മാരായ നിങ്ങളുടെ ലക്ഷ്യം തെറ്റിപ്പോയിരിക്കുന്നു. ഞാൻ മണവാളനാണെന്നും എനിക്കു ചുറ്റുമുള്ള എന്റെ എല്ലാ ശിഷ്യന്മാരും മണിയറയുടെ പുത്രന്മാരാണെന്നും നിങ്ങൾ തിരിച്ചറിയുന്നില്ലയോ? അവർ ഉപവസിക്കുവാൻ പാടില്ല. അവർ എന്നോടുകൂടെ വിരുന്നു കഴിക്കണം." ഈ രണ്ടു സംഭവങ്ങളില്ലാതെ വൈദ്യനായും മണവാളനായും വെളിപ്പെടുത്തുവാൻ കർത്താവായ യേശുവിന് ഒരിക്കലും കഴിയുമായിരുന്നില്ല. പരീശന്മാർക്കും യോഹന്നാന്റെ ശിഷ്യന്മാർക്കും വേണ്ടി നാം കർത്താവിന് സ്തോത്രം ചെയ്യണം. എല്ലാ മതങ്ങൾക്കായിപോലും നാം കർത്താവിന് സ്തോത്രം ചെയ്യണം, കാരണം മതം നൽകിയ അവസരങ്ങളില്ലാതെ കർത്താവിന് നിരവധി വ്യത്യസ്തമായ വശങ്ങളിൽ വെളിപ്പെടുത്തുവാൻ കഴിയുമായിരുന്നില്ല. ഇന്നും അങ്ങനെ തന്നെയാണ്.